# ശേഷീവാദം പുറത്തുനിർത്തുന്ന അനേകം ഇതരരും ഭരണകൂടം ഡിസൈൻ ചെയ്യുന്ന പെർഫെക്റ്റ് പുരുഷനും

ജയശ്രീ എസ്.
ഗവേഷക, മലയാളവിഭാഗം, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല, കാലടി.

പ്രബന്ധസംഗ്രഹം

ഡിസേബിൾഡ് എന്നതിന് സാകല്യദേശീയതയുടെ പ്രതിനിധാന ഭൂപടത്തിൽ അസന്നിഹിതരായി തുടരേണ്ടി വരുന്ന മനുഷ്യർ എന്നുകൂടി അർത്ഥമുണ്ട്. മാത്രമല്ല, അവകാശങ്ങൾക്കവകാശമില്ലാത്ത ശരീരം അഭയാർത്ഥിശരീരവും അവകാശങ്ങൾക്കവകാശമുള്ള ശരീരം പൗരശരീരവും ആകുന്ന സാഹചര്യം പരിശോധിക്കുമ്പോൾ ഡിസെബിലിറ്റി എന്നത് കേവലം ജീവശാസ്ത്രപരമല്ല എന്നും ഏബിളിസത്തിന് സാമൂഹിക-രാഷ്ട്രീയ മാനങ്ങളുണ്ട് എന്നും വ്യക്തമാകുന്നു. പാർശ്വവൽകൃത ശരീരമെന്നാൽ പാർശ്വവൽകൃത സ്വത്വമുള്ള ശരീരമെന്നും കൂടി അർത്ഥമാക്കേണ്ടതുണ്ട്. ആദർശശരീരം എന്ന സങ്കല്പം ഫ്യൂഡൽ/മുതലാളിത്ത/ ആഗോളീകരണ സന്ദർഭങ്ങളിൽ വ്യത്യസ്തമാണ്. എങ്കിലും ആ സങ്കല്പത്തെ മുൻനിർത്തിയാണ് എല്ലാക്കാലത്തും ദേശീയസ്വത്വ (national identity) നിർമ്മിതി നടന്നിട്ടുള്ളത് എന്ന് വ്യക്തമാകുന്നു.

**താക്കോൽവാക്കുകൾ:** സാമൂഹിക രാഷ്ട്രീയ ഡിസെബിലിറ്റി, ആദർശശരീരം, രാഷ്ട്രശരീരം, പൗരൻ, സ്വേച്ഛാടിമത്തം, പതോളജൈസ്, പരിപൂർണ്ണ ഏകജാതീയ സമൂഹം.

രാഷ്ട്രശരീരത്തിന്റെ ആരോഗ്യം ഉറപ്പാക്കാനുള്ള പ്രാഥമിക വഴി വ്യത്യസ്തതകളുടെ (deviance) തിരസ്കാരമാണെന്ന് ഉറച്ചു വിശ്വസിക്കുകയും അതിനായി നരഹത്യകൾ നടപ്പാക്കുകയും ചെയ്ത ഭരണാധികാരികളിൽ പ്രധാനിയാണ്

ഹിറ്റ്ലർ. 1933-ൽ Law for the Prevention of Hereditary Diseased Offspring[1] നടപ്പാക്കിയ ജർമ്മൻ ഭരണകൂടം അപസ്മാരം, സ്കീസോഫ്രീനിയ, മദ്യപാനരോഗം തുടങ്ങിയവ ഉള്ളവരെ വരെ നിർബന്ധിത വന്ധ്യംകരണത്തിന് വിധേയമാക്കി. 1933 മുതൽ 1939 വരെയുള്ള കാലയളവിൽ ഏതാണ്ട് 3,60,000 വ്യക്തികളെയാണ് വന്ധ്യംകരിച്ചത്. 1939 മുതൽ Aktion T4[2] എന്ന പദ്ധതി പ്രകാരം രോഗമോ വൈകല്യമോ ഉള്ളവരെ കൊന്നൊടുക്കാനാരംഭിച്ചു. ദയാവധം (euthanasia) എന്നായിരുന്നു പദ്ധതി വിഭാവനം ചെയ്തതെങ്കിലും രാഷ്ട്രത്തിനുള്ളിൽ ജീവിക്കാൻ അർഹതയില്ല എന്ന് ഭരണാധികാരികൾക്ക് തോന്നിയ മനുഷ്യരെ തുടച്ചുനീക്കലായിരുന്നു നടന്നത്. T4 അഥവാ Tiergartenstrasse4[3] എന്നറിയപ്പെട്ട ഈ പൈശാചിക നരഹത്യാസംവിധാനം വഴി മൂന്നു വയസ്സിനു താഴെയുള്ള കുട്ടികളെപ്പോലും കൊന്നിരുന്നു. ഉത്തമരായ മനുഷ്യരെ മാത്രം വിഭാവനം ചെയ്യുന്ന ശുദ്ധ ആര്യ ദേശീയതയ്ക്കകത്തു ഡൗൺ സിൻഡ്രോമോ സെറിബ്രൽ പാൾസിയോ ബാധിച്ച കുഞ്ഞുങ്ങളാരും ജർമനിയിൽ വളരാൻ പാടില്ലായിരുന്നു. അപൂർവമായി മാതാപിതാക്കളുടെ അറിവോടെയും അല്ലാത്ത കേസുകളിലെല്ലാം Charitable Foundation for Cure and Institutional Care[4]-ലേക്ക് മാറ്റുന്നുവെന്ന വ്യാജേനയുമാണ് കൊലപാതകങ്ങൾ നടത്തിയത്.

1941 ഓഗസ്റ്റ് 24ന് യൂതനേഷ്യ വധങ്ങൾ അവസാനിപ്പിച്ചു കൊണ്ട് ഹിറ്റ്ലർ ഉത്തരവിറക്കിയെങ്കിലും ഭരണകൂടത്തിന്റെ മൗനാനുമതിയോടെ ഇതു തുടർന്നിരുന്നു എന്നു രേഖകൾ[5] സൂചിപ്പിക്കുന്നു. 1939-നും 1941-നുമിടയിൽ തന്നെ 70,000 ജർമൻ-ഓസ്ട്രിയൻ പൗരന്മാരാണ് കൊല്ലപ്പെട്ടത്.

ശാരീരിക-മാനസിക വൈകല്യങ്ങളുള്ളവർ രാഷ്ട്രത്തിന് നിഷ്പ്രയോജനമാണെന്നും രാഷ്ട്രശരീരത്തെ രോഗാതുരമാക്കുകയാണെന്നുമുള്ള കാഴ്ചപ്പാടാണിതിനു പിന്നിൽ. ശ്രേഷ്ഠവംശം (master race), അയോഗ്യർ എന്ന ദ്വന്ദ്വമാണ് അവരെ നയിച്ചിരുന്നത്. ഇത് വൈദ്യശാസ്ത്രസങ്കൽപ്പമനുസരിച്ച് രോഗമെന്നോ വൈകല്യമെന്നോ വിശേഷിപ്പിക്കപ്പെടാത്തവയിലേക്കും വ്യാപിച്ചിരുന്നു. ന്യൂനപക്ഷ ശരീരം രോഗാതുരമാണ്, അത് ചികിൽസിക്കപ്പെടേണ്ടതാണ് എന്ന ഭരണകൂടനിർമ്മിതമായ വിശ്വാസത്തിന്റെ ബാക്കിയായിരുന്നു ഈ സമീപനം. പതോളജൈസ് ചെയ്യുക എന്നു വിശേഷിപ്പിക്കാവുന്ന ഈ പ്രവണത ഒരു വിഭാഗം മനുഷ്യരെ സംബന്ധിച്ചിടത്തോളം അന്യവൽക്കരണത്തിന്റെ അന്യവൽകൃത രൂപമാണ് ഭരണം എന്ന അവസ്ഥയിലേക്കെത്തിച്ചു.

വെയ്മർ റിപ്പബ്ലിക്[6] സാഹചര്യത്തിൽ തന്റെ കാഴ്ചപ്പാടുകൾ ആവിഷ്കരിച്ച

ഹിറ്റ്ലർ വംശശുദ്ധിയെ (racial hygiene) ആധാരമാക്കി ട്രാൻസ് നാഷണൽ പ്രത്യയശാസ്ത്രമായി[7] യൂജെനിക്സിനെ[8] വികസിപ്പിച്ചു. കീയ്സ്[9] ഇപ്രകാരം പറയുന്നു; "a central goal of the Nazi project following the Weimar period was the shaping of a new subject that was to be an active, willing and worthy participant of the new society." (2009: 403)

വീടിന്റെ അകത്തളങ്ങളിൽ മാത്രം ജീവിക്കേണ്ടവരാണ് വികലാംഗർ എന്നത് വെറുമൊരു പൊതുബോധം മാത്രമല്ല. രാഷ്ട്രശരീരത്തെ പരിശുദ്ധമായി നിലനിർത്താൻ കർക്കശമായ നിയമവ്യവസ്ഥയ്ക്കുള്ളിൽ മാത്രം "വേണമെങ്കിൽ ജീവിച്ചിരിക്കാവുന്ന" ഒരുകൂട്ടം അവകാശപരിമിതരായ ആളുകളെ ഇവിടെ ഭരണകൂടം നിർവചിക്കുകയാണ്. ശാരീരികമോ മാനസികമോ ആയ ഡിസെബിലിറ്റികളുള്ളവരുൾപ്പെടെ ഒരു വലിയ വിഭാഗം മനുഷ്യരുടെ സ്വത്വത്തിൽ തന്നെ വികലതയാരോപിക്കുകയാണ് ചെയ്യുന്നത്. വികലതയില്ലാത്ത പൂർണത മാത്രമാണ് ശരിയും സാധുവും ഉത്തമവുമെന്ന കൽപ്പന പുറപ്പെടുവിക്കുകയാണ് ചെയ്യുന്നത്.

### ആതുരമാണ് വ്യതിരിക്തതകൾ

രാജ്യതാൽപര്യത്തിനോ പൊതുബോധ താല്പര്യത്തിനോ അപ്രിയമായതെല്ലാം വൈകല്യമാണ് എന്ന സങ്കല്പം നിലവിലുണ്ട്. അവയെല്ലാം ചികിത്സിക്കപ്പെടേണ്ട ക്രമക്കേടുകൾ ആണെന്ന ചിന്ത സമൂഹത്തിലെ നാനാതുറകളിൽ പെട്ട മനുഷ്യരോട് വെച്ചുപുലർത്തുന്ന വിവേചനത്തിന്റെ ഏറ്റവും മൂർത്തരൂപമാണ്. ഉദാഹരണത്തിന് ഹെട്രോ നോർമേറ്റീവ് സമൂഹത്തിന് ട്രാൻസ്ജെൻഡേഴ്സും സ്വവർഗ്ഗാനുരാഗികളും ചികിത്സിക്കപ്പെടേണ്ട ആതുരതയാണ്. പൂർണ്ണതയെന്നാൽ ആണും പെണ്ണും മാത്രമാകുമ്പോൾ മറ്റെല്ലാം അസാന്മാർഗികവും ശാരീരികമായി കയ്യേറ്റം ചെയ്താൽ അഥവാ അടി കൊടുത്താൽ "നേരെയാക്കാൻ കഴിയുന്ന" വ്യതിചലനങ്ങളാണ് എന്നുംവരുന്നു. ഇത്തരക്കാരിൽ നിന്നുള്ള രോഗവ്യാപനം ഭയന്നാണ് പാർശ്വവൽകൃത സമൂഹത്തിന്റെ ദൃശ്യത ബോധപൂർവ്വം ഒഴിവാക്കുന്നത്. ലൈംഗികോപകരണം എന്ന നിലയിൽ കിടക്കയിലോ ഔട്ട്കാസ്റ്റ് എന്ന നിലയ്ക്ക് തെരുവിനുമപ്പുറം ഇരുട്ടിലോ മാത്രം ട്രാൻസ്ജെൻഡറിന് സ്ഥാനം കൽപ്പിക്കുന്നത് ഈ ചിന്താഗതിയുടെ തുടർച്ചയിൽക്കൂടിയാണ്.

ശ്രേഷ്ഠരാജ്യത്തിന്റെ ഉൽകൃഷ്ട ജനാധിപത്യമര്യാദ എന്ന പേരിൽ രോഗചികിത്സയ്ക്കുള്ള സാഹചര്യമൊരുക്കുവാൻ സന്നദ്ധമാണെന്ന് പ്രഖ്യാപിക്കുന്നു. ക്ഷേമ രാഷ്ട്രത്തിന്റെ ധാർമിക ഉത്തരവാദിത്തമായി ചികിത്സാദൗത്യം

ഏറ്റെടുക്കുന്നു. അന്ധവിശ്വാസജടിലമായ സമൂഹം ബാധയൊഴിപ്പിക്കാൻ മന്ത്രോച്ചാരണത്തിന്റെ അകമ്പടിയോടെ ഭേദ്യം ചെയ്യുന്നതിനോടു മാത്രമേ പലപ്പോഴും ഈ ഭരണകൂടശ്രമത്തെ താരതമ്യപ്പെടുത്താൻ കഴിയൂ.

## ആദർശശരീരം

ആദർശശരീരം (ideal body) എന്ന നിർമിതിയെ അടിസ്ഥാനമാക്കിയാണ് ഈ ഏബിലിസ്റ്റ്[10] വ്യവഹാരങ്ങളെല്ലാം നിലനിൽക്കുന്നതെന്നു കാണാം. ജീവശാസ്ത്രപരമായ ഏബിലിസം പോലെതന്നെ സാമൂഹ്യ-രാഷ്ട്രീയ ഏബിലിസവും നിലനിൽക്കുന്നു. വികലാംഗർ, വൈകല്യമുള്ളവർ, അംഗവിഹീനർ എന്നിങ്ങനെ സമൂഹം വിശേഷിപ്പിച്ചു പോരുന്ന വിഭാഗത്തിനു കൽപ്പിക്കപ്പെടുന്ന പരിമിതസ്വത്വം ഒരു സാമൂഹിക നിർമിതിയാണ്. ശരീരം, ശരീരത്തിന് കോയ്മ അവകാശപ്പെടാനാവുന്ന നില എന്നിവ സാമൂഹിക ഭാവനകളാണ്. ശരീരത്തെ ചുറ്റിപ്പറ്റി നിലനിൽക്കുന്ന ഈ ഏബിലിസ്റ്റ് വ്യവഹാരങ്ങൾ പോലെതന്നെയുള്ള സാമൂഹിക നിർമ്മിതികളാണ് വിഭിന്ന സ്വത്വങ്ങളും. ജെൻഡർ, വംശം, ജാതി, മതം തുടങ്ങിയ സ്വത്വങ്ങളിൽ ന്യൂനപക്ഷത്വം കൽപ്പിക്കപ്പെടുന്നവരും അതിനാൽ തന്നെ പരിമിതവിഭവത്തിന് മാത്രം അർഹതയുള്ളവരായിത്തീരുന്നു. മനുഷ്യവ്യക്തി, പൗരൻ എന്നിവയുടെ നിർവചന സന്ദർഭങ്ങളിൽ സാമൂഹ്യ-രാഷ്ട്രീയ ശേഷീവാദം (sociopolitical ableism) പ്രത്യക്ഷപ്പെടുന്നു. ആദർശശരീരമെന്നത് അവയവാധിഷ്ഠിതം മാത്രമാണെങ്കിൽ കായികശേഷിയും അധ്വാനശേഷിയുമുള്ള തൊഴിലാളി ശരീരങ്ങൾക്ക് പ്രാധാന്യം ലഭിക്കേണ്ടതുണ്ട്. എന്നാൽ അടിമശരീരങ്ങളെ വൈകല്യങ്ങളായി ഒതുക്കാത്തപക്ഷം ആഫ്രിക്കൻ ജനതയും മണ്ണിൽ പണിയെടുക്കുന്ന തൊഴിലാളികളും ആദർശശരീരത്തിനുടമകളാണെന്നു സമ്മതിച്ചു കൊടുക്കേണ്ടി വരുമെന്നതിനാൽ അവയെ അത്തരമൊരു ലേബലൊട്ടിച്ചു ദേശീയസ്വത്വത്തിന്റെ വിമതപക്ഷത്തു പ്രതിഷ്ഠിക്കലാണ് എളുപ്പമെന്നു വരേണ്യസമൂഹം നിശ്ചയിക്കുന്നു. അങ്ങനെ ദുർബലതയോടും കീഴാളതയോടുമുള്ള എതിർപ്പും രക്തശുദ്ധി, ബ്രാഹ്മണ്യം, മുതലാളിത്തം എന്നിവയോടുള്ള ചാർച്ചയും സ്ഥാപിക്കുന്നു. ആൾക്കൂട്ട മന:ശാസ്ത്രത്തെ, ആദർശശരീരത്തെ മാത്രം അംഗീകരിക്കാനും അപരനെ നിർദ്ദയം സമീപിക്കാനും സജ്ജരാക്കുന്നു.

## ഡിസേബിൾഡ് ശരീരങ്ങളും പൊട്ടൻഷ്യൽ കുറ്റവാളികളും

മധുവും[11] വിശ്വനാഥനും[12] മോഷ്ടാക്കളും ശിക്ഷിക്കപ്പെടേണ്ടവരും ആത്മാഭിമാനത്തിന് അവകാശമില്ലാത്തവരുമാണെന്ന ധാരണയെ സമൂഹത്തിൽ

വിതച്ച് വേരുറപ്പിക്കുന്നു. നിറം കൊണ്ടും രൂപം കൊണ്ടും ഒരാളെക്കുറിച്ച് മുൻവിധി തീർക്കുന്ന സമീപനത്തിന്റെ ഏറ്റവും ക്രൂരമായ രൂപമാണ് ആ മുൻവിധി കുറ്റവാളി ആരെന്നു നിർണയിക്കാനായി ഉപയോഗിക്കുന്നത്. കുറ്റവാളിയുടെ അടയാളങ്ങൾ എന്തൊക്കെ എന്ന് പൊതുബോധം അക്കമിട്ടു നിരത്തിവയ്ക്കുന്നതുപോലെതന്നെ അത്തരം അടയാളങ്ങളിൽ നിന്ന് മുക്തരായ, ശേഷീവാദത്താൽക്കൂടി സവർണരായവർക്ക് വിധി നടപ്പാക്കാൻ അവകാശമുള്ളതായി കരുതുന്നതായും കാണാം. ഉടുമുണ്ടുരിഞ്ഞു കൈകൾ ചേർത്തുകെട്ടിയ നിലയിൽ, നിസ്സഹായനായി ആൾക്കൂട്ടമർദ്ദനം ഏൽക്കേണ്ടിവന്ന മധുവിന്റെ ചിത്രം നിയമം കയ്യിൽ എടുക്കാൻ ശേഷീവാദി സ്വയം കൽപ്പിക്കുന്ന അധികമൂല്യത്തെക്കൂടി വ്യക്തമാക്കുന്നുണ്ട്.

അംഗവിഹീനരാണ്, തരംതാണവരാണ് എന്ന പേരിൽ മാറ്റിനിർത്തപ്പെടുന്ന മനുഷ്യർ എല്ലാത്തരം സാമൂഹ്യ അംഗീകാരങ്ങളിൽ നിന്നും ബഹിഷ്കൃതരാക്കപ്പെടുന്നു. അവർ സ്വാഭാവികമായി സ്ഥാനവിഹീനർ കൂടിയായി മാറുന്നത് കാണാം. ജാതീയമായ വേർതിരിവുകൾ അഭിസംബോധനകളിൽ പോലും സൃഷ്ടിക്കുന്ന പതിത്വം വ്യക്തമാണ്. ജാതിശ്രേണിയിൽ താഴേക്കിടയിൽ ഉള്ള മനുഷ്യരെ, അവർ എത്ര പ്രായം ചെന്നവർ ആണെങ്കിലും അതിലാഘവത്തോടെ പേരോ, എടാ, പോടാ എന്നോ വിളിക്കുമ്പോൾ തിരിച്ച് അവർക്ക് ഓച്ഛാനിച്ച് നടുവ് വളച്ച് , കരുത്താർന്നതാണ് സ്വന്തം ശരീരമെങ്കിലും അതിനെ വികലമാക്കിക്കൊണ്ട് തമ്പുരാന്റെ അപ്രമാദിത്തം ഉറപ്പുവരുത്തേണ്ടതായി വരുന്നു. പൊതുവേ നൽകുന്ന പ്രായത്തിന്റെ ആനുകൂല്യമോ ബഹുമാനമോ പോലും വിമതശരീരങ്ങളെ സംബോധന ചെയ്യുമ്പോൾ സമൂഹം മനപ്പൂർവം വിസ്മരിക്കുന്നു. അധികാരകേന്ദ്രങ്ങളിൽ നിന്നും ഈ അനുഭവം തന്നെയാണ് ഇക്കൂട്ടർക്ക് പലപ്പോഴും ഏറ്റുവാങ്ങേണ്ടി വരിക. ഒരാദിവാസിക്ക് താൻ മാവോയിസ്റ്റ് ആണോ എന്ന ചോദ്യവും മുസ്ലിമിന് തീവ്രവാദിയാണോ എന്ന ചോദ്യവും ഭരണകൂടത്തിൽ നിന്ന് തന്നെ നിരന്തരം അഭിമുഖീകരിക്കേണ്ടി വരുന്നത് ഇതിന്റെ തുടർച്ചയിൽ പരിഗണിക്കപ്പെടേണ്ടതുണ്ട്.

കഴിവ് എന്നത് ശേഷീവാദിയായ ഒരു വ്യക്തിയുടെ മാത്രം സവിശേഷതയായി സൂചിപ്പിക്കപ്പെടുന്നു. കഴിവ് അഥവാ പൊട്ടൻഷ്യൽ എന്നത് അപരശരീരങ്ങളുമായി ചേർത്തുവെച്ചു പ്രയോഗിക്കപ്പെടുന്ന സന്ദർഭങ്ങൾ, ആരാണ് പൊട്ടൻഷ്യൽ കള്ളൻ, പൊട്ടൻഷ്യൽ റേപ്പിസ്റ്റ്, പൊട്ടൻഷ്യൽ തീവ്രവാദി, പൊട്ടൻഷ്യൽ മാവോയിസ്റ്റ്, പൊട്ടൻഷ്യൽ രാജ്യദ്രോഹി എന്നൊക്കെ വിധി കൽപ്പിക്കുന്ന പൊതുബോധത്തിലധിഷ്ഠിതമായ വിചാരണയുടെ വേളകളാണ്.

ആദർശ ശരീരത്തിനപ്പുറമുള്ളതെല്ലാം അപകടകരമാണ് എന്ന സന്ദേശം സമൂഹത്തിനനിവാര്യമായ മുന്നറിയിപ്പെന്ന മട്ടിലാണ് പ്രചരിപ്പിക്കപ്പെടുന്നത്.

ഇതേ യുക്തി തന്നെ ഇരയാക്കപ്പെടാൻ സാധ്യത ആരെ എന്ന് നിർണയിക്കാനും ഉപയോഗിക്കുന്നുണ്ട്. പൊട്ടൻഷ്യലി അറ്റാക്കബിൾ/പൊട്ടൻഷ്യലി റേപ്പബിൾ ആയ വ്യക്തി തന്നെയാണ് കുറ്റകൃത്യത്തിന് ഇരയായത് എന്ന മട്ടിൽ കുറ്റകൃത്യത്തെ സ്വാഭാവികവൽക്കരിക്കാൻ ഉള്ള ചില ശ്രമങ്ങൾ സംഭവിച്ച കാണാറുണ്ട്. ജിഷാ വധക്കേസിലെ കുറ്റവാളി അന്യസംസ്ഥാന തൊഴിലാളിയാണ് എന്നത് അന്യസംസ്ഥാന തൊഴിലാളികളെ മുഴുവൻ കുറ്റവാളിഗോത്രമായി കാണുന്ന പ്രവണതയ്ക്ക് ആക്കം കൂട്ടി. അപരിചിതർ അന്യരും അന്യർ അപകടകാരികളുമാണെന്ന നിലയ്ക്ക് ആഖ്യാനം ബലപ്പെട്ടു. “ജിഷയെ ക്രൂരമായി ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയത് അന്തർസംസ്ഥാന തൊഴിലാളിയാണെന്ന് പൊലീസ് കണ്ടെത്തിയപ്പോൾ കേരളത്തിന് പുറത്തുനിന്ന് വരുന്ന തൊഴിലാളികളെല്ലാം കുറ്റവാസനയുള്ളവരും ക്രിമിനലുകളും ഭയപ്പെടേണ്ടവരുമാണെന്ന തോന്നൽ സൃഷ്ടിക്കപ്പെട്ടു.” അതിഥികൾ അന്യരായി മാറുമ്പോൾ എന്ന ലേഖനത്തിൽ കെ. സുനിൽകുമാർ (2021) നടത്തുന്ന ഈ നിരീക്ഷണം ഒറ്റപ്പെട്ട കേസുകളുടെയും ചില സംഭവങ്ങളുടെയും പേരിൽ ഇതര സംസ്ഥാന തൊഴിലാളികളെ ഭയന്ന് ജീവിക്കേണ്ട സ്ഥിതിയിലാണ് മലയാളി പെൺകുട്ടികൾ എന്ന മട്ടിലുള്ള പ്രചാരണത്തെ അനാവരണം ചെയ്യുന്നുണ്ട്. അതേസമയം തന്നെ പുറമ്പോക്കിൽ കൂരകെട്ടിക്കഴിയുന്ന, ഒറ്റയ്ക്കായിരുന്ന ദളിത് പെൺകുട്ടി ഒരാക്രമണം ഉണ്ടാകാൻ എല്ലാ സാധ്യതയും ഉള്ള സാഹചര്യത്തിലായിരുന്നു എന്നും മാധ്യമങ്ങൾ പറയാതെ പറഞ്ഞു. ഏതു വിടനും കൊലപാതകിക്കും ഏതു സമയത്തും അതിക്രമിച്ച കയറി കൊന്നുതിന്നാവുന്ന മാംസമല്ല ദലിത് സ്ത്രീകളുടെ ശരീരം എന്ന് ആവർത്തിച്ച പറയേണ്ട സാഹചര്യത്തെയാണ് ജിഷ കേസ് ഓർമ്മിപ്പിക്കുന്നത്(2018: 9) എന്ന് അവിഹിത്രൻ കണ്ണൻ മേലോത്ത് എഡിറ്റ് ചെയ്ത ‘ജിഷ: നിയമ വിദ്യാർത്ഥിനിയായ ദളിത് പെൺകുട്ടിയുടെ പൈശാചിക കൊലപാതകം’ എന്ന പുസ്തകം സൂചിപ്പിക്കുന്നു. സവർണ ക്രൈസ്തവ ദേശത്തിന്റെ പുറമ്പോക്കിൽ ആയിരുന്നു ജിഷയുടെ ജീവിതം എന്ന ഷിബി പീറ്ററിന്റെ നിരീക്ഷണവും ഇതോട് ചേർത്തുവച്ച വായിക്കാൻ കഴിയും. ഈ സാഹചര്യത്തിലാണ് മലയാളത്തിലെ ഒരു ചാനൽ ക്യാമ്പയിൻ തലക്കെട്ട് – ‘ജിഷ: കേരളത്തിന്റെ മകൾ’ എന്ന് പ്രത്യക്ഷപ്പെട്ടതിനെ വംശഹത്യകളെ കാല്പനികവൽക്കരിക്കുന്ന മലയാളി ബോധത്തിന്റെ പ്രതിഫലനം എന്നും

ഷിബി പീറ്റർ നിരീക്ഷിക്കുന്നത്. ജിഷയുടെ അമ്മയെ കോമാളിവേഷം കെട്ടിച്ച ചാനൽ മൈക്കുകൾ അവർ അഭ്യസ്തവിദ്യരുടെയും സംസ്കാരസമ്പന്നരുടെയും അപരസ്ഥാനത്താണ് നിൽക്കുന്നതെന്ന് ഓർമ്മിപ്പിക്കാൻ ശ്രമിച്ചതും വിമർശനവിധേയമാകുന്നു. ഒരേസമയം കുറ്റവാളിയും ഇരയും രാഷ്ട്രശരീരത്തിന്റെ അപരസ്ഥാനത്താണ് പ്രതിഷ്ഠിക്കപ്പെട്ടത്.

### ഏബിളിസം എന്ന പ്രൊപ്പഗണ്ട

ഏബിളിസം സ്വാഭാവികമാണെന്നും ജൈവികവും സാമൂഹികവുമായ ഏബിളിസം ന്യായീകരിക്കപ്പെടാവുന്നതാണെന്നും ജനസാമാന്യത്തിനിടയിൽ ഉറപ്പിച്ചെടുക്കാനായി പലതരം അജണ്ടകൾ നടപ്പാക്കപ്പെടുന്നുണ്ട്. അതിനായി കൃത്യമായി തയ്യാറാക്കിയ പ്രചാരവേലകൾ വിവിധ മാധ്യമങ്ങളിലൂടെ ജനങ്ങളിലെത്തിക്കാൻ നിശ്ചിത ഫോർമുലകൾ തയ്യാറാക്കപ്പെട്ടിട്ടുണ്ട്. അത്തരം പ്രചാരവേലകൾക്കുള്ള പ്രൊപ്പഗണ്ട ഉപകരണമാക്കി കലയെയും സാഹിത്യത്തെയും പോലും മാറ്റുന്നു. പ്രോപ്പഗണ്ട സംസ്ഥാപനത്തിന് ഹിറ്റ്ലർ റേഡിയോ പ്രഭാഷണങ്ങളാണ് പ്രധാനമായി ആസൂത്രണം ചെയ്തു നടപ്പാക്കിയതെങ്കിൽ ഇന്ന് 'കാശ്മീർ ഫയൽസ്'[13] പോലുള്ള സിനിമകൾ ഉണ്ടാവുന്നു. ഭരണഘടനാ ധാർമികതയെ (constitutional morality) മറികടന്ന് അത്തരം 'കലാസാഹിത്യ' ഉൽപ്പന്നങ്ങൾക്ക് നികുതിയിളവുൾപ്പെടെയുള്ള പ്രോത്സാഹനങ്ങൾ നൽകുന്നു. മധ്യപ്രദേശ് സർക്കാർ ഈ സിനിമ കാണാൻ പോലീസ് ഉദ്യോഗസ്ഥർക്ക് ഒരു ദിവസത്തെ അവധിയും ആസാം സർക്കാർ അര ദിവസത്തെ അവധിയും അനുവദിച്ചു. ചിത്രം കണ്ടിറങ്ങിയ പ്രേക്ഷകരിൽ ഒരു വിഭാഗം മുസ്‌ലിങ്ങൾക്കെതിരായി കൊലവിളികൾ ഉയർത്തുകയും തികച്ചും വംശീയമായ ആഹ്വാനങ്ങൾ മുഴക്കുകയും ചെയ്തതായി റിപ്പോർട്ട് ചെയ്യപ്പെട്ടു. മറുഭാഗത്ത് ചിത്രം സാമുദായിക സ്പർദ്ധയും അന്യമതവിദ്വേഷവും വളർത്തുന്നതും കാശ്മീരി മുസ്‌ലിങ്ങളെ പൈശാചികവൽക്കരിക്കുന്നതും അവാസ്തവവും തെറ്റിദ്ധരിപ്പിക്കുന്നതുമായ വിവരങ്ങൾ അടങ്ങിയതും കാശ്മീരിനെ സംബന്ധിച്ച ഹിന്ദു വലതുപക്ഷ ആഖ്യാനങ്ങളെ പ്രചരിപ്പിക്കാനുള്ള പ്രോപഗണ്ടയുടെ ഭാഗമാണെന്ന വിമർശനങ്ങളും മുന്നോട്ടുവയ്ക്കപ്പെടുന്നു. (https://campusalive.net/propaganda-reality-kashmir-files/)

### സ്വേച്ഛാടിമത്തം

യഥാർത്ഥത്തിൽ പൗരത്വനിയമഭേദഗതിയിലൂടെ പൗരത്വം ആർക്ക് എന്ന ആലോചനയേക്കാൾ ആരൊക്കെ പ്രജകളാണെന്ന പരിശോധനകൂടിയാണ്

നടത്തിയത്. ഭരണകൂടം സ്വേച്ഛാടിമത്തത്തിലേക്ക് (voluntary servitude) അവിടുത്തെ ആളുകളെ നയിക്കുന്നു. സ്വേച്ഛാടിമത്തമാണ് ധാർമികത എന്ന വ്യാഖ്യാനത്തിലേക്കെത്തുന്നു. അച്ചടക്കവും അനുസരണയുമുള്ള സമൂഹത്തെ നിർമിക്കുന്നു. അത്തരമൊരു സമൂഹത്തെ വളരെവേഗം സൈനികവൽക്കരിക്കാൻ കഴിയും. പട്ടാളയൂണിഫോം ധരിക്കാതെ, ആയുധങ്ങളേന്താതെ, നിയമപാലനം ഏറ്റെടുക്കും. നിയമവിധേയനായി മാറുന്ന പൗരൻ നിയമപാലകൻ കൂടിയായി മാറുന്നു. ഈ നിയമങ്ങൾ ഭരണഘടനാമൂല്യങ്ങൾക്കും സാമൂഹ്യസമത്വത്തിനുമെതിരാകുമ്പോൾ അത് വിമതശരീരങ്ങളെ പുറന്തള്ളും. കോവിഡിന്റെ സാഹചര്യത്തിൽ നിരീക്ഷണത്തിലിരിക്കുന്ന വ്യക്തി പുറത്തിറങ്ങുമ്പോൾ പോലീസിനെയും പഞ്ചായത്തിനെയും വിവരമറിയിച്ചിരുന്നത് അയൽക്കാർ തന്നെയാണ്. മഹാമാരിയുടെ ഘട്ടത്തിൽ സർക്കാരിന്റെ ആരോഗ്യവാഹനവ്യൂഹത്തിനു തടസങ്ങളില്ലാതെ സഞ്ചരിക്കാൻ വഴിയൊരുക്കുന്നത് പൊതുനിരത്തിൽ ആംബുലൻസിന് വഴിമാറിക്കൊടുക്കുന്നതുപോലെയാണെന്ന് അനുമാനിക്കപ്പെട്ടിരുന്നു. തൊഴിലാളികളുടെ പലായനം അതിഭീകരമായിരുന്നു. രോഗവാഹകരായി ചിത്രീകരിക്കപ്പെട്ട പ്രവാസികൾ മുതൽ അതിഥി തൊഴിലാളികൾ വരെയുള്ള ആളുകളെ ഒറ്റപ്പെടുത്തി. കുറ്റവാളികളാക്കി. അയൽക്കാർ നമ്മുടെ ജീവന് ഭീഷണിയാണെന്ന് കരുതി. ഇതിലും സങ്കീർണമാണ് പലപ്പോഴും കാര്യങ്ങൾ. ഉദാഹരണത്തിന്, സിഎഎ –എൻആർസി വിഷയത്തിൽ ദേശീയ പൗരൻ അവനവന് പൗരത്വത്തിനർഹതയുണ്ടെന്നു തെളിയിക്കാൻ ഔത്സുക്യം കാട്ടി. അതായത്, താനൊരു മുസ്ലിം അല്ല എന്നുറക്കെ വിളിച്ചുപറയുകയും മുസ്ലിമിനെ പുറത്താക്കാനുള്ള ഭരണകൂടദൗത്യം സ്വയം ഏറ്റെടുക്കുകയുമായിരുന്നു. പോലീസിനെയോ പട്ടാളത്തെയോ ഏൽപ്പിക്കാനിടയുള്ള ദൗത്യം സിവിൽസമൂഹം ഏറ്റെടുക്കുന്നു. സ്വാതന്ത്ര്യത്തെ ബലികഴിച്ചുകൊണ്ട് സുരക്ഷയെ സ്വീകരിക്കാൻ തയ്യാറാണെന്ന കരാർ ഭരണകൂടം അടിച്ചേൽപ്പിക്കുന്നു. സ്വേച്ഛാടിമത്തം വ്യക്തിക്ക് സമ്പൂർണ്ണവിധേയത്വത്തിൽ നിന്ന് വ്യതിചലിക്കാൻ ധാർമികാവകാശമില്ല എന്ന് സ്ഥാപിക്കുന്നു. നാനി സ്റ്റേറ്റ്[14] ആയ ഭരണകൂടം ആ ഘട്ടത്തിൽ മാത്രം സ്റ്റേറ്റിനെ ഉണ്ടാക്കിയതു നിങ്ങളും കൂടിച്ചേർന്നാണ് എന്ന് ഓർമിപ്പിക്കുന്നു. ആയതിനാൽ അതിനെ അനുസരിക്കാതിരിക്കാനാവില്ല എന്ന നിലയ്ക്ക് ധാർമ്മികച്ചുമതലയായി അടിമത്തത്തെ അനുസരണയെന്ന നിലയിലാക്കി ഏൽപ്പിക്കുന്നു. ഓഷ്വിറ്റ്സിലെ ഗ്യാസ് ചേംബറിന്റെ കാവൽക്കാരിയുടെ വിചാരണ ചിത്രീകരിച്ച 'ദ് റീഡർ'[15] എന്ന സിനിമ തങ്ങൾ നടപ്പാക്കുന്ന

നിയമമെന്തെന്ന പോലുമറിയാതെ ഭരണകൂടത്തിന്റെ മർദ്ദനോപകരണമാകുന്ന അവസ്ഥയാണ് കാണിക്കുന്നത്. ഹന്ന ഷ്മിറ്റ്സ് എന്ന കഥാപാത്രം ഓഷ്വിറ്റ്സിലെ മുൻ ഗാർഡാണ്. ന്യൂസ്റ്റാഡിൽ ട്രാം കണ്ടക്ടറായി ജോലി ചെയ്തുവരുന്നു. അധിനിവേശ പോളണ്ടിലെ ഓഷ്വിറ്റ്സിന്റെ ഒരു യൂണിറ്റിൽ എസ്എസ് ഗാർഡുകളായി സേവനമനുഷ്ഠിച്ച മധ്യവയസ്കരായ ഒരു കൂട്ടം സ്ത്രീകളെ അവരുടെ പ്രത്യക്ഷ 'സംരക്ഷണ'ത്തിൽ ഒരു പള്ളിയിൽ പൂട്ടിയിട്ട 300 യഹൂദ സ്ത്രീകളെ ബോംബെറിഞ്ഞു തീയിൽ വെന്തു മരിക്കാൻ അനുവദിച്ചതിന് വിചാരണ നടക്കുന്നു. അപ്പോഴാണ് ഹന്ന വംശഹത്യയുടെ ഭാഗമായിരുന്നു എന്ന് പലരും തിരിച്ചറിയുന്നത് തന്നെ. മറ്റു ഗാർഡുകളുടെ മേൽനോട്ടം നിർവഹിച്ചത് താനാണെന്ന് ഹന്ന കുറ്റം ഏൽക്കുന്നു. തീപിടിത്തത്തിന്റെ കണക്കുകൾ എഴുതിത്തയാറാക്കിയത് താനാണെന്ന് ആണയിടുന്ന അവർ യഥാർഥത്തിൽ നിരക്ഷരയാണ്. മറ്റുള്ള ഗാർഡുകൾ തുച്ഛമായ ശിക്ഷകൾ ഏറ്റുവാങ്ങുമ്പോൾ ഇവർ ജീവപര്യന്തത്തിനു വിധിക്കപ്പെടുന്നു. മൈക്കൽ-ഹന്ന പ്രണയത്തിനപ്പുറം ചെയ്തിട്ടുണ്ടാവാൻ ഒരു സാധ്യതയുമില്ലാത്ത തെറ്റുകൾ ഏറ്റെടുക്കാനും കുറ്റസമ്മതം നടത്താനും അവരെ പ്രേരിപ്പിച്ചതെന്ത് എന്ന ചോദ്യം സിനിമ അവശേഷിപ്പിക്കുന്നുണ്ട്.

പക്ഷേ ഇതിൽ നിന്ന് വ്യത്യസ്തമാണ് അഡോൾഫ് ഐക്മാന്റെ[16] വിചാരണ. 'ഐക്മാൻ ഇൻ ജെറുസലേം: എ റിപ്പോർട്ട് ഓൺ ദ് ബനാലിറ്റി ഓഫ് ഈവിൾ' (1963)[17] എന്ന പുസ്തകത്തിൽ ഹന്ന ആരണ്ട് സൂചിപ്പിക്കുന്നത് ഐക്മാന്റെ പ്രവൃത്തികൾ അയാളുടെ ദുഷ്ടതയാൽ നയിക്കപ്പെട്ടതായിരുന്നില്ല എന്നും മറിച്ച് സാമ്രാജ്യത്തോടുള്ള അന്ധമായ സമർപ്പണത്താലും പങ്കാളിയോ കൂട്ടാളിയോ ആകാനുള്ള അടങ്ങാത്ത ആഗ്രഹത്താലുമായിരുന്നു എന്നാണ്. "His actions were not driven by malice, but rather blind dedication to the regime and his need to belong, to be a joiner" (1994: 32-3).

രാഷ്ട്രത്തിന്റെ ഭാഗമായി പരിഗണിക്കപ്പെടാനുള്ള അഭിലാഷമായിരുന്നു ഐക്മാന് മുഖ്യമായുണ്ടായിരുന്നത്. അഥവാ, രാഷ്ട്രശരീരത്തിന്റെ ഭാഗമാകാൻ അത്തരം ദൗത്യങ്ങൾ ഏറ്റെടുത്ത് രാഷ്ട്രത്തോടുള്ള കടമ നിർവഹിക്കേണ്ടിയിരുന്നു. അതിനാൽ തന്നെയാണ് ഐക്മാൻ ശരാശരി വ്യക്തിയെക്കാൾ നോർമലാണെന്ന് സാക്ഷ്യപ്പെടുത്തുന്നതും. "One of seven psychologists remarked that the only unusual trait Eichmann displayed was being more 'normal' in his habits and speech than the average person. (1994:25-6)

### ആരാണ് നോർമൽ പൗരൻ?

ആരാണ് നോർമൽ എന്ന ചർച്ച ബാധിക്കുന്നത് വ്യതിരിക്തതകൾ മൂലം പാർശ്വവൽക്കരിക്കപ്പെടുന്ന വ്യക്തികളെയാണ്. നോർമൽ എന്നും അബ്നോർമൽ എന്നും രണ്ടായി ഒരേ രാജ്യത്തെ പൗരന്മാർ വിഭജിക്കപ്പെടുന്നു. അബ്നോർമൽ എന്ന് മുദ്രകുത്തപ്പെടുന്ന ജനതയുടെ പൗരത്വം തന്നെ തുലാസിലാകുന്നു. വ്യതിരിക്തതകൾ ഉള്ള വ്യക്തിയാണെങ്കിൽ നോർമൽ എന്നത് വിധേയത്വത്തിലൂടെ രേഖാപരമായി തെളിയിച്ച എടുക്കേണ്ട ഒന്നാണ് എന്ന സമീപനം പ്രബലമാകുന്നു. ശേഷീവാദം മൂലം ചില ജനവിഭാഗങ്ങൾക്ക് നോർമൽ എന്നത് ആർജിച്ചെടുക്കേണ്ട ഒന്നാണെന്ന് വന്നിരിക്കുന്നത്, അഭികാമ്യമല്ലാത്തത് എല്ലാം നോർമൽ അല്ലെന്നും നോർമൽ അല്ലാത്തതെല്ലാം ഒഴിവാക്കപ്പെടേണ്ടതുമാണ് എന്ന സമീപനത്തിൽ നിന്നാണ്. വ്യതിരിക്തതകളെ രോഗലക്ഷണമായി കരുതുന്ന (pathologise) ഭരണകൂടത്തിനു കീഴിൽ ഐക്മാനെപ്പോലെയുള്ളവരുടെ മനോനില സ്വാഭാവികമായും നോർമൽ ആയി പരിഗണിക്കപ്പെടും. അങ്ങനെ നോർമൽ എന്നതിന് ഭരണകൂടം തങ്ങൾക്കനുയോജ്യമായ ഒരു നിർവചനം കൂടി ഡിസൈൻ ചെയ്യുന്നു. പി. എൻ. ഗോപീകൃഷ്ണൻ ഗാന്ധിജിയുടെ രക്തസാക്ഷിത്വദിനത്തിൽ പയ്യന്നൂർ കോളേജിൽ നടത്തിയ 'The Last Days of Gandhi' എന്ന പ്രഭാഷണത്തിൽ ഇന്ത്യാവിഭജനത്തെപ്പറ്റി പറയുന്ന നിരീക്ഷണം ചിന്തനീയമാണ്. വിഭജനാനന്തരം ഇന്ത്യയിൽ തുടരേണ്ടി വരികയോ തുടരാൻ തീരുമാനിക്കുകയോ ചെയ്ത മുസ്ലീങ്ങൾക്കു മാത്രമാണ് തങ്ങൾക്ക് ഇന്ത്യയോടുള്ള ദേശസ്നേഹം തെളിയിക്കേണ്ടി വന്നത്. ഭാരതീയൻ എന്നതിൽ അഭിമാനം കൊള്ളുന്നു എന്ന് ഉറക്കെപ്പറയേണ്ടത് അവരുടെ ബാധ്യതയായി മാറി. മറ്റുള്ളവർ സ്വാഭാവികമായിത്തന്നെ ദേശസ്നേഹമുള്ളവരായി കരുതപ്പെട്ടെങ്കിലും ഒരു വിഭാഗത്തിന് തങ്ങളും നോർമലാണെന്ന്, തങ്ങളും മനുഷ്യരാണെന്ന്, തങ്ങളും ദേശസ്നേഹികളാണെന്ന് നിരന്തരം പറഞ്ഞുകൊണ്ടേയിരിക്കേണ്ടി വരുന്നു. രോഗഗ്രസ്തമായ, രോഗവ്യാപനം തടയാൻ മുറിച്ചുമാറ്റേണ്ട ഒരു ഭാഗമല്ല തങ്ങളെന്നവർക്ക് ആവർത്തിച്ച് പറയേണ്ടി വരുന്നത് ആ വിഭാഗത്തെ പതോളജൈസ് ചെയ്യുന്നതിനാലാണ്.

### രോഗം, വൈകല്യം എന്നീ രൂപകങ്ങൾ

രോഗമെന്ന നിലയ്ക്കുള്ള പ്രചരണം രോഗശമനത്തിന്റെ ശാസ്ത്രീയതയിലൂന്നിയല്ല എന്നത് ശ്രദ്ധേയമാണ്. രോഗത്തെക്കുറിച്ചുള്ള ചിത്രീകരണം സമൂഹത്തിൽ വൈകാരിക പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്നും അത് മാറ്റിനിർത്തലിനും

വെറുപ്പിനും ഇന്ധനമാകുമെന്നുമുള്ള അജണ്ടയാണ് നടപ്പാക്കപ്പെടുന്നത്.

"രോഗങ്ങൾ ജീവിതത്തിന്റെ ഇരുണ്ട ഭാഗമാണ്, ദുർവഹമായ പൗരത്വം. പിറവികൊണ്ടവർക്കെല്ലാം രോഗികളുടെയും അരോഗികളുടെയും നാടുകളിൽ ഇരട്ട പൗരത്വമുണ്ട്. അരോഗികളുടെ നാട്ടിലെ പാസ്പോർട്ടിലാണ് ഏവർക്കും താല്പര്യമെങ്കിലും മറ്റേ നാട്ടിലെ പൗരന്മാർ കൂടിയാണ് നാമെന്ന് എപ്പോഴെങ്കിലുമൊരിക്കൽ തിരിച്ചറിയാതെ പറ്റില്ല" (1978: 21) എന്ന് സൂസൻ സൊണ്ടാഗ് നിരീക്ഷിച്ചത് രോഗത്തിന്റെ പേരിലുള്ള വിമതവൽക്കരണത്തിന്റെ പശ്ചാത്തലത്തിലാണ്. രോഗത്തിന്റെ ഇത്തരത്തിലുള്ള രൂപകവൽക്കരണത്തിനെതിരെയാണ് നിരൂപകയായ സൂസൻ സൊണ്ടാഗ് 'രോഗമെന്ന രൂപകം' (Illness as metaphor) എന്ന പുസ്തകമെഴുതിയത്. രൂപകങ്ങൾ സമൂഹം തനിക്കെതിരാണെന്ന് രോഗിക്ക് തോന്നാൻ കാരണമാകുന്നു. അത് രോഗത്തിന് മറ്റു പല കാരണങ്ങൾ തേടുന്നു. അവയിൽ പലതും രോഗിയെത്തന്നെ കാരണമായി കണ്ടെത്തുന്നവയാവും. ഇതിനെ ആയുധമാക്കിക്കൊണ്ടാണ് രോഗേതര സന്ദർഭങ്ങളിലും രോഗനിർണയം നടത്തുന്നത്. ക്ഷയം, ക്യാൻസർ, എയ്ഡ്സ് എന്നീ രോഗങ്ങളെ ആസ്പദമാക്കിയാണ് രൂപകവൽക്കരണം എന്ന ആശയം സൊണ്ടാഗ് വിശദീകരിക്കുന്നത്. പൊതുവ്യവഹാരങ്ങളിൽ അഹിതമായവയെ വിശേഷിപ്പിക്കാൻ അത് സമൂഹത്തെ കാർന്നുതിന്നുന്ന ക്യാൻസറാണ് എന്ന് വ്യാപകമായി പ്രയോഗിച്ചുവരുന്നു. അല്ലെങ്കിൽ മാനസിക വൈകല്യം എന്നും. സാധാരണക്കാർ ഏറ്റവും കൂടുതൽ സ്റ്റിഗ്മ വെച്ചുപുലർത്തുന്ന രോഗങ്ങളുമായി, ശാരീരിക-മാനസിക അവസ്ഥകളുമായാണ് താരതമ്യം നടത്തുന്നത് എന്നതും ശ്രദ്ധിക്കേണ്ടതുണ്ട്.

### നീതിയും നിയമവും

ചിന്തകരിലും അക്കാദമിക് സമൂഹത്തിന്റെ ആദരം ലഭിക്കുന്നവരിലുമൊക്കെ ഈ സ്വേച്ഛാധിമത്തത്തിന്റെ ലക്ഷണങ്ങൾ കണ്ടുവരാറുണ്ട്. സോക്രട്ടീസ് വിചാരണയിൽ വധശിക്ഷയ്ക്ക് വിധിക്കപ്പെടുമ്പോൾ രക്ഷപ്പെടാനുള്ള പഴുതുകൾ പറഞ്ഞുകൊടുക്കുന്ന സുഹൃത്തിന്റെ നിർദ്ദേശങ്ങൾ അനുസരിക്കാത്തതും ശിക്ഷ സർവാത്മനാ സ്വീകരിക്കുന്നതും താൻ കുറ്റം ചെയ്തു എന്നു സമ്മതിക്കുന്നതിനാലല്ല.[18] ചുമത്തിയ കുറ്റങ്ങൾ നിഷേധിക്കുന്ന സോക്രട്ടീസ് താൻ കൂടി ചേർന്നുണ്ടാക്കിയ വ്യവസ്ഥ അനീതി നിറഞ്ഞതാണെങ്കിൽക്കൂടി അതിനെ അനുസരിക്കുകയാണ് നീതി എന്ന നിലപാടാണ് സ്വീകരിക്കുന്നത്. പതോളജൈസ് ചെയ്യപ്പെടുന്ന വിഭാഗം പോലും തങ്ങൾ രോഗസാധ്യതയുള്ളവർ തന്നെ എന്ന് അംഗീകരിക്കുന്നതിന് സമാനമായ സാഹചര്യമാണത്.

ഫൂക്കോ മുന്നോട്ടുവയ്ക്കുന്ന ചിത്തരോഗാശുപത്രി, ഭ്രാന്ത്[19] എന്നീ സങ്കൽപ്പനങ്ങളുടെ വെളിച്ചത്തിൽ സ്വന്തം ശരീരത്തിൽ ചങ്ങല എടുത്തണിയുന്നതിനു തുല്യമായി സ്വേച്ഛാടിമത്തത്തെ വിലയിരുത്തേണ്ടി വരുന്നു. ജൈവരാഷ്ട്രീയം[20] എന്ന സങ്കൽപ്പനം മൃത്യുരാഷ്ട്രീയത്തിന് (necropolitics)[21] വഴിമാറുന്ന പോസ്റ്റ് ഹ്യൂമൻ ഘട്ടത്തിലും ഭരണകൂടം ആദർശശരീരത്തെ കാലാനുസൃതമായ പരിഷ്കാരങ്ങളോടെ മുന്നോട്ടു കൊണ്ടുപോകുന്നുണ്ട്. മനുഷ്യനെ സൈബർനെറ്റിക്ക് ഓർഗാനിസം[22] എന്നുകൂടി വിശേഷിപ്പിക്കാവുന്ന ഈ കാലഘട്ടത്തിൽ ശേഷീവാദം ഇതരരാക്കപ്പെടുന്ന മനുഷ്യരുടെ സാങ്കേതികവിദ്യാസംബന്ധമായ വിഹായസ്സിനും പരിമിതി കൽപ്പിക്കുന്നു.

പാർശ്വവൽക്കരണമെന്നത് നീതിനിഷേധം തന്നെയാണ്. എന്നാൽ നീതിയെ നിയമം വഴി പുന:സ്ഥാപിക്കാനാകുമോ എന്നതാണ് പ്രസക്തമായ ചോദ്യം. വിശേഷിച്ചും ഭരണകൂടം ഡിസൈൻ ചെയ്യുന്ന പെർഫെക്റ്റ് മെൻ സങ്കല്പമാണ് നീതി നിഷേധിക്കുന്നത് എന്ന് വരുമ്പോൾ. കാരണം നിയമത്തിന്റെ വിലങ്ങും താക്കോലും ഭരണകൂടത്തിന്റെ കൈയ്യിലാണല്ലോ. സമത്വപൂർണ്ണമായ തത്ത്വത്തിന്റെ സ്ഥാപനവൽകൃത രൂപമാണ് നിയമം എന്ന് നിർവചിക്കുമ്പോഴും സമത്വപൂർണമായ തത്ത്വത്തിന്റെ പരാവർത്തിത രൂപമാണ് നിയമം എന്ന് പറയാൻ കഴിയുന്നുണ്ടോ എന്നതാണ് കാതലായ ചോദ്യം. സ്വാഭാവികമായി നീതി വിതരണം ചെയ്യപ്പെടാത്തയിടത്ത് ഭരണഘടനാനുസൃതമായി നിയമം നിർമ്മിച്ച് നീതിയുറപ്പാക്കുന്നു എന്ന് വിവക്ഷിക്കുന്നു. അങ്ങനെ സംഭവിക്കാത്ത പക്ഷം പോരാട്ടത്തിന്റെയും പ്രബോധനത്തിന്റെയും (morale realisation) വഴികൾ മാത്രമാണ് അവശേഷിക്കുന്നത്. സ്വാഭാവിക നീതിയെന്നത് പ്രകൃത്യാ തുല്യനീതിയല്ല. അങ്ങനെയാണെങ്കിൽ അത് സംസ്കൃതചിത്തരായ സമൂഹം നിർമിച്ചെടുത്തത് മാത്രമാണ്. ദുർബലർക്ക് മേൽ ശക്തരുടെ ജയമാണ് പ്രകൃതിനിയമം. അതിനാൽ തന്നെ നീതിയെ നടപ്പാക്കാനുള്ള നിയമത്തിന്റെ വഴി അനിവാര്യമായും നൈതികമാകേണ്ടതുണ്ട് (ethical). കാരുണ്യമെന്ന നൈതികമൂല്യം ഉൾച്ചേരേണ്ടതുണ്ട്. എന്നാൽ, അപകടകരമായ വിധം ഔദാര്യം എന്ന് തെറ്റിദ്ധരിക്കപ്പെട്ട വാക്കാണിന്ന് കാരുണ്യം. ഡിസേബിൾഡ് മനുഷ്യരോട് സമൂഹം പുലർത്തുന്ന വിവിധ സമീപനങ്ങൾ യാക്കോബ് തോമസ് രചിച്ച അധികാര ഘടനയും ഭിന്നശേഷിയും: ഡിസെബിലിറ്റി ചിന്തകൾക്ക് ഒരാമുഖം എന്ന ലേഖനം അക്കമിട്ട് ചർച്ച ചെയ്യുന്നുണ്ട്. അവയിലെ സൂചനകൾ അവലംബിച്ചുകൊണ്ട് ചില നിരീക്ഷണങ്ങൾ നടത്താൻ കഴിയുന്നു: ഡിസെബിലിറ്റി പഠനങ്ങൾ ഡിസേബിൾഡ് മനുഷ്യരോട്

പുലർത്തുന്ന വിധി/കർമചിന്തയുടേയും (moral/fate model) ആതുരസഹായ/ക്ഷേമ മാതൃകയുടേയും (charity/welfare model) കാരുണ്യത്തിലധിഷ്ഠിതമാണ് എന്ന ധാരണ പ്രബലമാണ്. പക്ഷെ, സഹതാപം മാത്രമാണത് എന്നതിനാലാണ് വിധി/കർമചിന്തയിൽ അനിവാര്യമായ ശിക്ഷ ഏറ്റുവാങ്ങിയാണ് ഒരാൾ ഡിസേബിൾഡ് ആകുന്നത് എന്നു സമൂഹം ഉറപ്പിക്കുന്നത്. പ്രചോദനഭോഗത്തിന്റെ (inspiration porn)[23] ഭാഗമായി സഹതാപം പ്രദർശിപ്പിക്കാമെന്നുള്ള ചിന്ത ഉടലെടുക്കുന്നത്. ദയ കാണിച്ചാൽ അതും 'ഉത്തമവ്യക്തിക്ക്' മോക്ഷത്തിനുപകരിക്കുമല്ലോ എന്ന ചിന്തയും ഇവിടെ ഉടലെടുക്കുന്നു. ഡിസെബിലിറ്റി സ്റ്റഡീസ് ശുപാർശ ചെയ്യുന്നത് സാമൂഹിക മാതൃകയും (the social model) മനുഷ്യാവകാശ മാതൃകയും (the rights based model) ആണ്. സാമൂഹിക രാഷ്ട്രീയ ഏബിളിസത്തിന്റെ പശ്ചാത്തലത്തിൽ മനുഷ്യാവകാശ മാതൃകയോട് ഉന്നയിക്കാനുള്ള ചോദ്യം രാഷ്ട്രവ്യവസ്ഥയ്ക്കുള്ളിൽ മനുഷ്യാവകാശം എന്നത് തന്നെ രണ്ടാംകിടയല്ലേ എന്നതാണ്. രാഷ്ട്രത്തിനുള്ളിൽ പൗരാവകാശമാണ് പ്രാഥമികം. മൗലികാവകാശങ്ങൾ പൗരന്മാർക്കാണ് ഉറപ്പ് നൽകുന്നത്. പൗരന്റെ അന്തസ്സും വ്യക്തിത്വവും സ്വാതന്ത്ര്യവുമാണ് മൗലികാവകാശങ്ങൾ ഉറപ്പ് നൽകുന്നത്. ആ അവകാശങ്ങൾ ധ്വംസിക്കപ്പെട്ടാൽ കോടതി മുഖേന സംരക്ഷിച്ചുകിട്ടുന്നതും പൗരൻമാർക്കു മാത്രംതന്നെ.

പൗരന്മാരിൽ നിന്നുവിട്ട് അഭയാർഥികളിലേക്കെത്തുമ്പോൾ പാർശ്വവൽകൃത സമൂഹമെന്ന ഈ പാർശ്വവൽകൃത ശരീരത്തിന് കൽപ്പിക്കപ്പെടുന്ന അഭയാർത്ഥിത്വം പൗരജീവിതത്തിന്റെ ദ്വന്ദ്വമായാണ് നിലനിൽക്കുന്നത്. പാർശ്വവൽകൃതശരീരം എന്നതിൽ പാർശ്വവൽകൃത ഇടത്തിൽ നിന്നും വിഭാഗത്തിൽ നിന്നുമുള്ള ശരീരം കൂടി ഉൾപ്പെടുന്നു എന്നത് രാഷ്ട്രാധികാരമാനങ്ങളുടെ പ്രസക്തി വർധിപ്പിക്കുന്നുണ്ട്. അടിച്ചമർത്തപ്പെട്ട ജനതയുടെ സാമൂഹ്യ ഇടവും സാമൂഹ്യഭാവനയുമായി മാറാൻ രാഷ്ട്രത്തിനു കഴിയുന്നുണ്ടോ എന്ന ചോദ്യമവശേഷിക്കുന്നു. 'അസ്പൃശ്യ ശരീരങ്ങൾ മിഥ്യയാകുന്നു' (untouchable bodies become mirage) എന്ന സണ്ണി എം കപിക്കാടിന്റെ വാദത്തെ മുൻനിർത്തി പരിശോധിക്കുമ്പോൾ ആദർശശരീരത്തിനു പുറത്തു നിൽക്കുന്ന ശരീരങ്ങളുടെ എല്ലാവിധ പ്രകടനങ്ങളും (expression) രാഷ്ട്രശരീരത്തിന് മിഥ്യയും അപരിചിതവുമാകുന്നു. അത്തരം മിഥ്യകളായി കരുതപ്പെടുന്നവ ഒരു കാരണവശാലും പെർഫെക്ടിൽ ഉൾച്ചേർക്കപ്പെടില്ല. വിഭിന്ന ജനതകൾ വിഭിന്നസംസ്കൃതികളുമായി ജീവിക്കുന്ന ഒരു റിപ്പബ്ലിക്കിൽത്തന്നെ ചില ജനതതികളെ അവരുടെ ഭാഷയുടെയും ജാതിയുടെയും ലിംഗത്തിന്റെയും

ജോലിയുടെയും നിറത്തിന്റെയും പ്രദേശത്തിന്റെയും പേരിൽ അസ്പൃശ്യരോ അധമരോ എന്ന് മാറ്റിനിർത്തുന്നു. തന്മൂലം മൗലികാവകാശങ്ങളോ രാഷ്ട്രത്തിന്റെ നിയമവാഗ്ദാനങ്ങളോ ലഭിക്കാതെ ഡിസേബിൾഡ് സമൂഹമായി കഴിയേണ്ടിവരികയും ചെയ്യുമ്പോൾ ഒരു അഭയാർഥിസമൂഹത്തിന് ലഭിച്ചേക്കാവുന്ന പരിഗണന ചിന്തനീയം പോലുമല്ലാതാകുന്നു.

ഡിറ്റൻഷൻ ക്യാമ്പുകളും സ്വകാര്യ ജയിലുകളുമെന്നാൽ ഊഴിയംവേല ചെയ്യിച്ചിരുന്ന പഴയ അടിമപ്പാളയങ്ങളുടെ നവീനമാതൃകകൾ തന്നെയാണ്. മാനവശേഷിയുടെ വിൽപന കൂടി അവിടെ നടക്കുന്നുണ്ട്. ഓഹരിവിപണിയിൽ വമ്പിച്ച നിക്ഷേപമുള്ള സ്വകാര്യ ജയിൽ കമ്പനികൾ ലോകത്തുണ്ട്. ഭരണകൂട ചലനങ്ങൾ അവയുടെ ഓഹരി നേട്ടത്തെ സ്വാധീനിക്കുന്നു. അമേരിക്കൻ പ്രസിഡണ്ടായി ഡോണൾഡ് ട്രമ്പ് ഭരണമേറ്റെടുത്തതിന്റെ പിറ്റേദിവസം കറക്ഷൻസ് കോർപ്പറേഷൻ അറുപതു ശതമാനവും ജി.ഇ.ഒ. ഗ്രൂപ്പ് പതിനെട്ടു ശതമാനവും കുതിപ്പ് ഓഹരിവിപണിയിൽ രേഖപ്പെടുത്തി. (അവലംബം എൻബിസി ന്യൂസ്). തടങ്കലിൽ വെച്ചവരുടെ ചെലവിനായി ലഭിക്കുന്ന ഗവൺമെൻറ് വിഹിതം മാത്രമല്ല ഓഹരിവിപണിയെ സ്വാധീനിച്ചത്. ക്രിമിനൽ നീതിയുടെ സ്വകാര്യവൽക്കരണത്തിന് ആക്കം കൂട്ടുന്നതും വർദ്ധനയ്ക്ക് കാരണമാണ്.

അതായത്, ഭരണകൂടം ഒരു നിർദ്ദിഷ്ട സമൂഹത്തെ രോഗം പരത്തുന്ന പരാന്നഭോജികളായും തങ്ങളെ രോഗശാന്തി ശുശ്രൂഷ ചെയ്യുന്ന ആതുരസേവകനായും കാണുമ്പോൾ സാമൂഹികരാഷ്ട്രീയ ഡിസെബിലിറ്റിയുടെ ചിത്രം കൂടുതൽ വ്യക്തമാകുന്നു. സോഷ്യൽ ഡാർവിനിസത്തിന്റെ[24] സഹായത്തോടെ വളർത്തിയെടുത്ത ഏകജാതീയമായ മനുഷ്യൻ (ഹോമോജീനസ് മാൻ) എന്ന ആശയത്തെ, പരിപൂർണ്ണമായി, ഏകജാതീയമായ സമൂഹം (പെർഫെക്റ്റഡ് ഹോമോജീനസ് കമ്മ്യൂണിറ്റി) എന്നാക്കി പരിവർത്തിപ്പിച്ച് വളർത്തിയെടുത്ത് രാഷ്ട്രമെന്നാൽ അതാണ് എന്ന നിലയിലേക്ക് വിഭാവനം ചെയ്യുമ്പോൾ വ്യതിയാനം (deviance) സമമിതി (symmetry) എന്ന ആത്യന്തിക ലക്ഷ്യത്തിനുള്ള വെല്ലുവിളിയാണെന്ന് വരുന്നു. ഇടത്തിനുമേലുള്ള കൂട്ടായ ഉന്നയനം (collective claim) നഷ്ടപ്പെടുന്നു. എന്ന് മാത്രമല്ല, അപരശരീരനിർമിതി വേരൂന്നി നിൽക്കുന്നതുതന്നെ പരിപൂർണ്ണ ഏകജാതീയ സമൂഹം (perfected homogeneous community) എന്ന ആശയത്തിലാണ്.

ജനാധിപത്യമെന്നത് ആത്യന്തിക അഭയമാണോ എന്ന ചോദ്യമുന്നയിക്കേണ്ടി വരുന്നത് ജനാധിപത്യത്തിനുള്ളിൽ കേന്ദ്രീകൃതവും ദൃഢീകൃതവുമായ

ബലിഷ്ഠരാഷ്ട്രം വലവിരിക്കുമ്പോഴാണ്. ബഹുസ്വരതയിൽ ഊന്നിയ സമീപനം സാകല്യ ദേശീയതയിലൂടെ സാധ്യമാവുകയാണ് ഒരു പ്രതിരോധമാർഗം. സ്വതന്ത്ര ഇച്ഛയുള്ള (free will) പൗരൻ എന്നത് ലിബറൽ മൂല്യങ്ങളുടെ നിർമിതിയാണെന്ന് വാദിക്കാമെങ്കിലും രാഷ്ട്രത്തിലെ ഒന്നാംകിടശരീരങ്ങളാണ് യഥാർത്ഥ പൗരൻ എന്ന ഭരണകൂടകൽപ്പന അസ്തമിക്കാതെ, പ്രതിദിനം പ്രബലമാകവേ ഭരണകൂട പ്രേരിതമായ സാമൂഹ്യരാഷ്ട്രീയ ഏബിലിസത്തെപ്പറ്റിയുള്ള ചർച്ചകൾ വിപുലമാകേണ്ടതുണ്ട്.

## കുറിപ്പുകൾ

1 Law for the Prevention of Hereditary Diseased Offspring (German: Gesetz zur verhiitung erbkranken Nacheuchses) അഥവാ വന്ധ്യംകരണനിയമം 1934 ജൂലൈ 14 ന് നാസി ജർമ്മനിയിൽ നടപ്പാക്കി. 'ജനിതകാരോഗ്യകോടതി' ശുപാർശ ചെയ്യുന്ന ഏതൊരു വ്യക്തിയെയും നിർബന്ധവന്ധ്യംകരണം നടത്താൻ അനുവദിക്കുന്ന നിയമം.

2 വംശശുദ്ധിസിദ്ധാന്തത്തിലധിഷ്ഠിതമായ ആക്ഷ്യൺ T4 വംശീയശത്രുക്കൾ, മാനസിക- ശാരീരിക വൈകല്യമുള്ളവർ എന്നിവരെ തുടച്ചുനീക്കാനായി രൂപപ്പെടുത്തിയ നാസി-ജർമൻ ദേശീയനയമാണ്.

3 ആക്ഷ്യൺ T4 നടപ്പാക്കാനാവശ്യമായ ഉദ്യോഗസ്ഥരെ റിക്രൂട്ട് ചെയ്യുകയും നിയന്ത്രിക്കുകയും ചെയ്ത ജർമൻ ചാൻസലറി ഡിപ്പാർട്ട്മെന്റിന്റെ സ്ട്രീറ്റ് അഡ്രസിൽ നിന്നാണ് ടിയാഗർട്ടനേസ് 4 എന്ന പേര് രൂപപ്പെടുന്നത്.

4 lebensunwertes Leben (ജീവിക്കാൻ യോഗ്യതയില്ലാത്ത) ഡിസേബിൾഡ് വ്യക്തികളായി ഭരണകൂടം പരിഗണിക്കുന്നവരെ വധിക്കുന്നതിനായി പുനരധിവാസത്തിനെന്ന പേരിൽ T4 ചാരിറ്റബിൾ ആംബുലൻസിൽ മെഡിക്കൽ യൂണിഫോം ധരിച്ച എസ് എസ് ഉദ്യോഗസ്ഥർ ഈ കേന്ദ്രങ്ങളിലേക്ക് മാറ്റുന്നു. എത്തിച്ച് 24 മണിക്കൂറിനകം വധിച്ച് വ്യാജമായ ഒരു മരണകാരണം കുടുംബത്തെ അറിയിക്കുന്നു.

5 ഹോളോക്കോസ്റ്റ് എൻസൈക്ലോപീഡിയയിൽ നിന്നുള്ള വിവരങ്ങൾ.

6 German Reich എന്ന് ഔദ്യോഗികമായി വിളിക്കപ്പെട്ട വെയ്മർ റിപ്പബ്ലിക് 1918 മുതൽ 1933 വരെയുള്ള കാലയളവിലെ കോൺസ്റ്റിറ്റ്യൂഷണൽ ഫെഡറൽ റിപ്പബ്ലിക്കായ ജർമനിയെ സൂചിപ്പിക്കുന്നു.

7 ജർമൻ അല്ലാത്തവരെപ്പോലും ഹിറ്റ്ലറുടെയും നാഷണൽ സോഷ്യലിസത്തിന്റെയും വംശശുദ്ധിവാദത്തിൽ ആകൃഷ്ടരാക്കി മാറ്റിയ പ്രത്യയശാസ്ത്രവീക്ഷണമാണ് ട്രാൻസ്നാഷണൽ നാസിസം.

8 അഭിലഷണീയമായ പാരമ്പര്യ സ്വഭാവങ്ങളുള്ള ആളുകളെ തെരഞ്ഞെടുത്ത് ഇണചേരൽ നടത്തി മനുഷ്യവർഗ്ഗത്തെ മെച്ചപ്പെടുത്തുന്നതിനുള്ള മുന്നേറ്റവും അതിനാവശ്യമായ പരിശീലനപദ്ധതിയുമാണ് യൂജെനിക്സ്.

9 അമേരിക്കൻ ചരിത്രകാരിയായ ബാർബറ കീയ്സ് 2009- ൽ എഴുതിയ 'The body as a political space: Comparing physical education under Nazism and Stalinism' എന്ന ലേഖനത്തിൽ നിന്ന്.

10 ഡിസേബിൾഡ് അല്ലാത്ത വ്യക്തികൾ ഡിസേബിൾഡ് ആയവരേക്കാൾ ശ്രേഷ്ഠമെന്ന ചിന്ത.

11 ആൾക്കൂട്ട മർദ്ദനത്തിനിരയായി കൊല്ലപ്പെട്ട അട്ടപ്പാടി കടുകുമണ്ണ ആദിവാസി ഊരിലെ യുവാവ്.

12 മോഷണക്കുറ്റമാരോപിച്ച് ആൾക്കൂട്ടവിചാരണ നേരിടേണ്ടി വന്നതിൽ മനം നൊന്ത് ആത്മഹത്യ ചെയ്ത കൽപ്പറ്റ സ്വദേശിയായ ആദിവാസിയുവാവ്.

13 കശ്മീരി പണ്ഡിറ്റുകളുടെ പലായനവും കൂട്ടക്കൊലയുമാധാരമാക്കിയെടുത്ത വിവാദ ബോളിവുഡ് സിനിമയാണ് വിവേക് അഗ്നിഹോത്രി സംവിധാനം ചെയ്ത കശ്മീർ ഫയൽസ്.

14 ഗവൺമെന്റോ അതിന്റെ നയങ്ങളോ അമിതസംരക്ഷണത്തിന്റെ പേരിൽ വ്യക്തിസ്വാതന്ത്ര്യം ഹനിക്കുന്നതിനെ സൂചിപ്പിക്കുന്ന സംജ്ഞ.

15 1995- ൽ ബെർണാഡ് ഷ്ലിങ്ക് രചിച്ച 'ദ റീഡർ' എന്ന പുസ്തകത്തെ ആധാരമാക്കി വന്ന ഈ ചിത്രം നാസി കോൺസൻട്രേഷൻ ക്യാമ്പിൽ ഗാർഡായി ജോലി ചെയ്ത സ്ത്രീയുടെ വിചാരണ ചിത്രീകരിക്കുന്നുണ്ട്.

16 ഒട്ടോ അഡോൾഫ് ഐച്ച്മാൻ നാസി പാർട്ടിയുടെ ജർമ്മൻ-ഓസ്ട്രിയൻ ഉദ്യോഗസ്ഥനും ഷുറ്റ്സ്സ്റ്റാഫലിനിലെ ഓഫീസറും ഹോളോകോസ്റ്റിന്റെ പ്രധാന സംഘാടകരിൽ ഒരാളുമായിരുന്നു.

17 Eichmann in Jerusalem: A Report on the Banality of Evil 1963-ൽ രാഷ്ട്രീയ ചിന്തകയായ ഹന്ന ആരണ്ട് എഴുതിയ ഒരു പുസ്തകമാണ്. അഡോൾഫ് ഹിറ്റ്ലർ അധികാരത്തിലെത്തിയ സമയത്ത് ജർമ്മനിയിൽ നിന്ന് പലായനം ചെയ്ത ജൂതയായ ആരണ്ട്, ഹോളോകോസ്റ്റിന്റെ പ്രധാന സംഘാടകരിലൊരാളായ അഡോൾഫ് ഐക്ക്മാന്റെ വിചാരണയെക്കുറിച്ച് ദി ന്യൂയോർക്കറിന് വേണ്ടി റിപ്പോർട്ട് ചെയ്തു. 1964-ൽ പരിഷ്കരിച്ചതും ബൃഹത്തുമായ ഒരു പുസ്തകമായി പ്രസിദ്ധീകരിച്ചു.

18 ഐക്മാന്റെ വിചാരണയെ പറ്റി ചർച്ചചെയ്യുന്ന സന്ദർഭത്തിൽ സോക്രട്ടീസിന്റെ വിചാരണ കൂടി ആലോചനാവിധേയമാക്കാം എന്ന ആശയത്തിന് ഡോ. ടി. വി മധുവിനോട് കടപ്പാട്. (കാലടി സംസ്കൃത സർവകലാശാല ഇംഗ്ലീഷ് വിഭാഗത്തിൽ നടന്ന സെമിനാറിൽ അദ്ദേഹം നടത്തിയ പ്രസംഗം)

19 മാഡ്നെസ് ആൻഡ് സിവിലൈസേഷൻ എന്ന പുസ്തകത്തിലെ സർവൈലൻസ് ആൻഡ് ജഡ്ജ്മെൻറ് എന്ന അധ്യായത്തിൽ ഫൂക്കോ ഭരണീയത അഥവാ ഗവൺമെന്റാലിറ്റിയുമായി ബന്ധപ്പെടുത്തിയാണ് ചിത്തരോഗാശുപത്രി, ഭ്രാന്ത് എന്നീ സങ്കൽപ്പനങ്ങളെ അവതരിപ്പിക്കുന്നത്.

20 ഫൂക്കോയും അഗംബനും മറ്റും ജൈവരാഷ്ട്രീയത്തിനെ ജൈവാധികാരം (power as potestas) എന്ന അർഥത്തിലാണ് നിർവചിക്കുന്നത്. ജീവിതത്തിനുമേൽ പ്രയോഗിക്കപ്പെടുന്ന അധികാരത്തെ, രാഷ്ട്രീയത്തെ സൂചിപ്പിക്കുന്നു.

21 രാഷ്ട്രീയ അധികാരമുപയോഗിച്ച് ഒരു രാജ്യത്തുള്ള ജനങ്ങളെ കൊല്ലുകയോ അല്ലെങ്കിൽ മൃതപ്രാണരായി ജീവിക്കാൻ അനുവദിക്കുകയോ ചെയ്യുന്ന രാഷ്ട്രസങ്കല്പമാണ് നെക്രോപൊളിറ്റിക്സ് അഥവാ മൃത്യരാഷ്ട്രീയം. ആഫ്രിക്കൻ ചിന്തകനായ അഷീൽ മ്പെമ്ബെ (Achille Mbembe) ആണ് ഈ സങ്കല്പനം മുന്നോട്ടു വെച്ചത്.

22 സൈബർനെറ്റിക് ഓർഗാനിസം അഥവാ സൈബോർഗ് ജീവശാസ്ത്രപരവും സാങ്കേതികവിദ്യാപരവുമായ സംലയനത്തിലൂടെ കടന്നുവന്ന മനുഷ്യരെ സൂചിപ്പിക്കാനാണ് പോസ്റ്റ് ഹ്യൂമൻ പശ്ചാത്തലത്തിൽ ഉപയോഗിക്കുന്നത്.

23 ഇൻസ്പിരേഷൻ പോൺ എന്നത് ഡിസേബിൾഡ് വ്യക്തികളെ കഴിവുള്ള ആളുകൾക്ക് പ്രചോദനമായി ചിത്രീകരിക്കുന്നതാണ്. (പ്രചോദന അശ്ലീലം) അശ്ലീലസാഹിത്യവുമായി സാമ്യമുള്ള ഈ

പ്രയോഗം കഴിവുള്ളവരുടെ പ്രയോജനത്തിനോ സംതൃപ്തിക്കോ വേണ്ടി ഡിസേബിൾഡ് വ്യക്തികളെ വസ്തുവൽക്കരിക്കുന്നതിനെ സൂചിപ്പിക്കുന്നു. ഇൻസ്പിരേഷൻ പോൺ എന്നത് ഏബിളിസത്തിന്റെ ഒരു രൂപമാണ്.

24 സോഷ്യൽ ഡാർവിനിസ്റ്റുകൾ വിശ്വസിക്കുന്നത് ചില ആളുകൾ സമൂഹത്തിൽ ശക്തരാകുന്നത് അവർ ജന്മനാ മികച്ചവരായതുകൊണ്ടാണെന്ന ആശയത്തിലാണ്.

## ഗ്രന്ഥ- ലേഖനസൂചി

യാക്കോബ് തോമസ്, 2022, അധികാരഘടനയും ഭിന്നശേഷിയും: ഡിസെബിലിറ്റി ചിന്തകൾക്ക് ഒരാമുഖം, ശാസ്ത്രഗതി, മാർച്ച് 2022 ലക്കം 56, നമ്പർ 8.

Arendt, Hannah, 1994, Eichmann in Jerusalem : a Report on the Banality of Evil. Penguin Books, New York, U.S.A.

Foucault, Michel, 1984, The History of Sexuality: An Introduction, Penguin, Harmondsworth.

Kabeer, Naila (ed.), 2005, Inclusive Citizenship, Zubaan, New Delhi.

Kevles D J, 1985, In the Name of Eugenics: Genetics and the uses of Human heredity, Knopf, New York.

Silvers A, 2016, Disability and Normality, In Miriam Solomon, Jeremy R. Simon & Harold Kincaid (eds.), The Routledge Companion to Philosophy of Medicine, Routledge, New York.

## ഓൺലൈൻ അവലംബങ്ങൾ

അവിഹിത്രൻ കണ്ണൻ മേലോത്ത്, 2018, ജിഷ: നിയമവിദ്യാർഥിയായ ദളിത് പെൺകുട്ടിയുടെ പൈശാചിക കൊലപാതകം, കിൻഡിൽ, ആമസോൺ, https://www.amazon.in/dp/B07J21KVD8?ref_=cm_sw_r_apann_dp_P7X1ZGBVYDRJWN7AR9VE.

മുഹമ്മദ് റാഷിദ്, 2022, കാശ്മീർ ഫയൽസ്: പ്രോപഗണ്ടയും യാഥാർഥ്യവും, https://campusalive.net/propaganda-reality-kashmir-files/, accessed on 16.02.2023

ഷിബി പീറ്റർ, 2018, സവർണ ക്രൈസ്തവദേശത്തിന്റെ പുറമ്പോക്കിലായിരുന്നു ജിഷയുടെ ജീവിതമെന്നത് മറക്കരുത്, https://azhimukham.com/jisha-rape-murder-perumbavoor-dalit-discrimination-jacobite-church-shibi/, accessed on 27.02.2023.

സണ്ണി എം കപിക്കാട്, സമരസന്ദർഭങ്ങളിലെ ശരീരത്തിന്റെ ഇടപെടലുകൾ, https://youtu.be/HB2LSTZDw0A, accessed on 24.01.2023.

സുനിൽകുമാർ, കെ, 2021, അതിഥികൾ അന്യരായി മാറുമ്പോൾ, https://www.southlive.in/editors-pick/when-guests-become-strangers, accessed on 24.01.2023.

Bengtsson, Staffan, 2018, The nation's body: disability and deviance in the writings of Adolf Hitler, https://www.tandfonline.com/share/IAHJUB66NGNVV3PKK3WE?target=10.1080/09687599.2018.1423955, accessed on 08.02.2023.

Gopikrishnan, K P, https://www.youtube.com/watch?v=t2oqIWN5Okc, accessed on

20.02.2023.

Keys. B, 2009, The Body as a Political Space: Comparing physical education under Nazism and Stalinism, German History, 27(3): 395-413, https://doi.org/10.1093/gerhis/ghp033, accessed on 08.02.2023.

Standjofski, Alexander, What happened during the trial of Socrates?, https://www.thecollector.com/the-famous-trial-of-socrates/, accessed on 17.01.2023.

Sontag, S, 1978, Illness as Metaphor, McGraw-Hill Ryerson Ltd., Toronto.

https://monoskop.org/images/4/4a/Susan_Sontag_Illness_As_Metaphor_1978.pdf.

https://www.nbcnews.com/business/markets/corrections-corp-geo-group-prison-stocks-surge-trump-win-n681661, accessed on 21.02.2023.

https://encyclopedia.ushmm.org/, accessed on 09.02.2023.

https://www.theweek.in/news/world/2020/04/23/un-chief-pandemic-is-fast-becoming-human-rights-crisis.html, accessed on 09.02.2023.

*jayasreesreenivasan96@gmail.com*